പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2812 **28-10-2026-ൽ മറുപടിയ്ക്ക്**

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന സഹായങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ലഭിക്കുന്ന സഹായങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

മറുപടി: കടലിൽ കാണാതാകുന്ന മത്സ്യബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മത്സ്യബോർഡ് മുഖേന നടപ്പിലാക്കുന്ന ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ ഇൻഷ്വറൻസ് സഹായം ലഭിക്കാൻ അർഹതയുണ്ട്. നിലവിലെ സർക്കാർ നിയമങ്ങളും ചട്ടങ്ങളും പ്രകാരം, കാണാതായി ഏഴ് വർഷം കഴിഞ്ഞതിന് ശേഷം മാത്രമേ ഇത്തരം അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

എന്നാൽ മത്സ്യബന്ധനത്തിനിടെ കാണാതാകുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക്, മത്സ്യത്തൊഴിലാളിയെ കാണാതായി 3 മാസത്തിനുശേഷം, ബോർഡിന്റെ തനതു പദ്ധതിയായ "മത്സ്യബന്ധന സമയത്തോ തൊട്ടു പിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണമടയുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് ധനസഹായം നൽകുന്ന പദ്ധതി" പ്രകാരമുള്ള ധനസഹായമായി 1,00,000/- രൂപ (ഒരു ലക്ഷം രൂപ), ആവശ്യമായ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളിയെ കാണാതായതിനെ തുടർന്ന് കുടുംബത്തിന്റെ ഏക വരുമാനമാർഗം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ കുടുംബത്തിലെ ആശ്രിതർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതിയുണ്ടോ; വിശദമാക്കാമോ;

മറുപടി: കടലിൽ കാണാതാകുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് പ്രതിമാസ ധനസഹായം നൽകുന്ന പദ്ധതി നിലവിലില്ല.

(സി) മത്സ്യബന്ധനത്തിനിടെ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, ഭവനം തുടങ്ങിയ മേഖലകളിൽ പ്രത്യേക സഹായം നൽകുന്ന

പദ്ധതിയുണ്ടോ; ഈ കുടുംബങ്ങൾക്ക് എന്തെങ്കിലും പ്രത്യേക പരിഗണനയോ മുൻഗണനയോ ഉണ്ടോ; വ്യക്തമാക്കാമോ;

<u>മറുപടി:</u> ഓഖി ചുഴലിക്കാറ്റിൽ മരണപ്പെടുകയോ/ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ 309 കുട്ടികൾക്ക് വിദ്യാഭ്യാസം/തൊഴിൽ പരിശീലനം എന്നിവ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി പദ്ധതിയ്ക്കായുള്ള തുക ഫിഷറീസ് ഡയറക്ടറേറ്റിൽ നിന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ തിരുവനന്തപുരത്തിന് അനുവദിച്ചു നൽകിയിട്ടുണ്ട്. 2037 വരെ ചെലവഴിക്കുന്നതിനുള്ള ഫണ്ടാണ് അനുവദിച്ചിട്ടുള്ളത്. നിലവിൽ എൽ.കെ.ജി മുതൽ വിവിധ ബിരുദ ബിരുദാനന്തര ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഭക്ഷണം, വിദ്യാഭ്യാസം, താമസ സൗകര്യം എന്നിവയ്ക്കുള്ള ചെലവുകൾ വഹിക്കുന്നതിനാണ് തുക അനുവദിക്കുന്നത്. മത്സ്യമേഖലയിലെ നിരാംലംബരായ കുട്ടികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ ഈ പദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്.

(ഡി) കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന് പുതിയ പദ്ധതി സർക്കാർ പരിഗണിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>മറുപടി:</u> കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിനുള്ള കാലാവധി 7 വർഷത്തിൽ നിന്ന് 3 വർഷമായി കുറയ്ക്കുന്ന വിഷയം സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ